# പോയിന്റ് എന്ന വാക്ക് മൂന്ന് രൂപങ്ങളിലൂടെ സ്മൃതി അഥവാ സ്വരൂപത്തിൽ കൊണ്ടു വരിക- ഇതാണ് സുരക്ഷയുടെ മാർഗം

വിശ്വ മംഗളകാരി ബാപ്ദാദ തന്റെ സർവ്വ മാസ്റ്റർ വിശ്വ മംഗളകാരി കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ കുട്ടിയുടെയും ഈ ബ്രാഹ്മണ ജീവിതത്തിന്റെ ലക്ഷ്യം വളരെ ശ്രേഷ്ഠമാണ്. ഓരോരുത്തരും നമ്പർവൺ പുരുഷാർത്ഥം ചെയ്യുന്നതിന്റെ ലക്ഷ്യം വച്ച് മുന്നോട്ട് പറന്നു കൊണ്ടിരിക്കുന്നു. ലക്ഷ്യം സർവ്വരുടെയും നമ്പർവൺ ആണ് എന്നാൽ ലക്ഷണം നമ്പർവാറാണ്. അപ്പോൾ ലക്ഷ്യത്തിലും ലക്ഷണത്തിലും എന്ത് കൊണ്ട് വ്യത്യാസം ഉണ്ടാകുന്നു? ജ്ഞാന ദാതാവായ ബാബയും ഒന്നാണ്, യോഗത്തിന്റെ വിധിയും ഒന്നാണ്, ദിവ്യ ഗുണം ധാരണ ചെയ്യുന്നതിന്റെ സഹജമായ പ്രത്യക്ഷ തെളിവായ സാകാര ബ്രഹ്മാബാബയും ഒന്നാണ്, സേവനത്തിന്റെ സാധനവും സേവനത്തിന്റെ വിധിയും പഠിപ്പിക്കുന്നയാളും ഒന്നാണ്. മുഖ്യമായ കാര്യമാണ്- പഠിത്തവും പാലനയും. രണ്ടും നല്കുന്നയാൾ ഒന്നാണ്, ഒരു നമ്പർ തന്നെയാണ്, എന്നാലും പ്രത്യക്ഷ ജീവിതത്തിൽ ലക്ഷണം എന്ത് കൊണ്ട് നമ്പർവാറായി മാറുന്നു? ഇത് സ്വയം എല്ലാവർക്കും നല്ല രീതിയിൽ അറിയാം ലക്ഷണം ധാരണ ചെയ്യുന്നതിൽ ഞാൻ ഏത് നമ്പറിലാണ് എന്ന്. നമ്പർവാറാകുന്നതിന്റെ വിശേഷ ആധാരം ഒരേയൊരു പോയിന്റ് എന്ന ശബ്ദമാണ്. പോയിന്റ് സ്വരൂപത്തെ അനുഭവം ചെയ്യണം. രണ്ടാമത്, ഏതൊരു സങ്കല്പം, വാക്ക് അഥവാ കർമ്മം വ്യർത്ഥമാണെങ്കിൽ അതിനെ ബിന്ദുവിടണം. മൂന്നാമത്, ജ്ഞാനത്തിന്റെ അഥവാ ധാരണയുടെ അനേക പോയിന്റ്സിനെ മനനം ചെയ്ത് സ്വയത്തെ പ്രതി അഥവാ സേവനത്തെ പ്രതി സമയത്ത് കാര്യത്തിൽ ഉപയോഗിക്കണം. അതിനാൽ ശബ്ദം പോയിന്റ് എന്നാണ് എന്നാൽ മൂന്ന് സ്വരൂപങ്ങളുടെ പോയിന്റിനെ സമയത്ത് സ്മൃതിയിൽ, സ്വരൂപത്തിൽ കൊണ്ടു വരണം ഇതിൽ വ്യത്യാസം ഉണ്ടാകുന്നു. സർവ്വർക്കും സ്മൃതിയുണ്ട് എന്നാൽ സ്മൃതിയെ സ്വരൂപത്തിൽ കൊണ്ടു വരിക, ഇതിൽ നമ്പർവാറായി മാറുന്നു. പല പ്രാവശ്യം ബാപ്ദാദ സർവ്വ കുട്ടികളെയും കാണുന്നുണ്ട്- സ്മൃതിയിൽ സർവ്വരും വളരെ സമർത്ഥരാണ്. ഇങ്ങനെ സംഭവിക്കണം- അവർ ചിന്തിച്ചു കൊണ്ടിരിക്കുന്നു, ഇത് ശരിയാണ്, ഇത് തെറ്റാണ്, ഈ ജ്ഞാനവും പ്രത്യക്ഷത്തിൽ വരുന്നു. ജ്ഞാനം അർത്ഥം നോളേജ്, നോളേജ് പ്രകാശമാണ്, ശക്തിയാണ് എന്ന് പറയുന്നു, അതിനാൽ പ്രകാശവും ശക്തിയുമുള്ളയിടത്ത് എന്താണോ ആകേണ്ടത് അത് ആകുന്നില്ല. ചിന്തിക്കുന്നു- ബാപ്ദാദ ഇത് പറയുന്നു, ആകുക തന്നെ വേണം, ജ്ഞാനമുണ്ട്, എന്നാൽ ആ സമയത്ത് എന്നിൽ എന്താണുള്ളത്, വേണം വേണം എന്നത് ഉണ്ടാകുന്നു. ഇതിന്റെയർത്ഥമാണ് ജ്ഞാനത്തെ പ്രകാശത്തിന്റെയും ശക്തിയുടെയും രൂപത്തിൽ സമയത്തിനനുസരിച്ച് കാര്യത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഇതിനെയാണ് പറയുന്നത് സ്മൃതിയിലുണ്ട് എന്നാൽ സ്വരൂപത്തിൽ കൊണ്ടുവരുന്നതിനുള്ള ശക്തി കുറവാണ് എന്ന്. ലൈറ്റ് അർത്ഥം പ്രകാശമുണ്ട് ഇത് തെറ്റാണ്, ഇത് ശരിയാണ്, ഇത് അന്ധകാരമാണ്, ഇത് പ്രകാശമാണ്, ഇത് വ്യർത്ഥമാണ്, ഇത് സമർത്ഥമാണ്, അപ്പോൾ അന്ധകാരമാണെന്ന് മനസ്സിലാക്കിയിട്ടും അന്ധകാരത്തിലിരിക്കുക, അങ്ങനെയുള്ളവരെ ജ്ഞാനി അഥവാ വിവേകശാലിയെന്ന് പറയുമോ? ജ്ഞാനിയല്ലായെങ്കിൽ പിന്നെയാരായി? ഭക്തരാണോ അതോ പകുതി ജ്ഞാനിയാണോ? തെറ്റാണ് എന്ന് മനസ്സിലാക്കിയിട്ടും തെറ്റായ കർമ്മങ്ങളുടെ അഥവാ സങ്കല്പങ്ങളുടെ അഥവാ സ്വഭാവ സംസ്കാരത്തിന് വശപ്പെടുക ഇതിനെയെന്ത് പറയും? അവരുടെ ടൈറ്റിലെന്തായിരിക്കും? ബാപ്ദാദ സമയത്തിന്റെ ഗതിയെ കണ്ട് സർവ്വ കുട്ടികൾക്കും അടിക്കടി അറ്റൻഷൻ നല്കുന്നു.

അറ്റൻഷൻ എന്ന ശബ്ദത്തെയും ഡബിൾ അടിവരയിടിപ്പിച്ചു കൊണ്ടിരിക്കുന്നു- ഈ പ്രകൃതിയുടെ തമോഗുണി ശക്തിയും മായയുടെ സൂക്ഷ്മമായ റോയൽ സാമർത്ഥ്യത്തിന്റെ ശക്തിയും തന്റെ കാര്യം തീവ്ര ഗതിയിൽ ചെയ്തു കൊണ്ടിരിക്കുന്നു, ചെയ്യും. പ്രകൃതിയുടെ വികരാള രൂപത്തെ മനസ്സിലാക്കാൻ സഹജമാണ് എന്നാൽ വ്യത്യസ്ഥമായ വികരാളമായ ചഞ്ചലതയിൽ അചഞ്ചലരായിരിക്കുക ഇതിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകണം. മായയുടെ അതി സൂക്ഷ്മമായ സ്വരൂപത്തെ അറിയുന്നതിലും ചതിവിൽപ്പെടുന്നുണ്ട്. മായ അങ്ങനെയുള്ള റോയൽ രൂപം കാണിക്കുന്നു- തെറ്റിനെ ശരിയാണെന്ന അനുഭവം ചെയ്യിക്കുന്നു. തീർത്തും തെറ്റാണ് എന്നാൽ ബുദ്ധിയെ അങ്ങനെ പരിവർത്തനപ്പെടുത്തുന്നു- യഥാർത്ഥമായ അറിവിനെ, തിരിച്ചറിയാനുള്ള ശക്തിയെ നഷ്ടപ്പെടുത്തുന്നു. ഏതെങ്കിലും മന്ത്രത്തിലൂടെ പരവശരാക്കുന്നില്ലേ, അതേപോലെ തിരിച്ചറിയാനുള്ള ശക്തി നഷ്ടപ്പെടുത്തുന്നതിന്റെ റോയൽ മായ റിയലിനെ മനസ്സിലാക്കാൻ അനുവദിക്കുന്നില്ല. സംഭവിക്കുന്നത് തീർത്തും തെറ്റ് എന്നാൽ മായയുടെ നിഴലിന് വശപ്പെടുന്നത് കാരണം തെറ്റിനെ ശരിയാണെന്ന് കരുതി, തെളിയിക്കുന്നതിൽ മായയുടെ സുപ്രീം കോടതിയിലെ വക്കീലായി മാറുന്നു. വക്കീൽ എന്താണ് ചെയ്യുന്നത്? അസത്യത്തെ സത്യമെന്ന് തെളിയിക്കുന്നതിൽ സമർത്ഥ

രാണ്. സത്യത്തെ സത്യമെന്നും തെളിയിക്കുന്നു, എന്നാൽ അസത്യത്തെ സത്യമെന്ന് തെളിയിക്കുന്നതിലും സാമർത്ഥ്യം കാണിക്കുന്നു, രണ്ടിലും സമർത്ഥരായിരിക്കും, അതിനാൽ ബാപ്ദാദ അറ്റൻഷൻ എന്ന വാക്കിനെ ഡബിൾ അടിവരയിടിപ്പിച്ചു കൊണ്ടിരിക്കുന്നു. തിരിച്ചറിയാനുള്ള ശക്തിയെ പരിവർത്തനപ്പെടുത്തുന്ന സൂക്ഷ്മ സ്വരൂപത്തിന്റെ മായയുടെ നിഴലിൽ നിന്നും സദാ സ്വയത്തെ സുരക്ഷിതമാക്കി വയ്ക്കൂ കാരണം വിശേഷിച്ച് മായയുടെ സ്വരൂപം വിശേഷിച്ച് ഈ സ്വരൂപത്തിൽ തന്റെ കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. മനസ്സിലായോ? ഇപ്പോൾ എന്ത് ചെയ്യും? ശ്രദ്ധയോടെയിരിക്കണം. വിശേഷാത്മാക്കൾ സൂചന നല്കുമ്പോൾ നല്ല രീതിയിലൂടെ മായയുടെ ഈ നിഴലിൽ നിന്നും വേറിട്ട് ബാബയുടെ ഛത്രച്ഛായയിൽ സ്വയത്തെ, വിശേഷിച്ച് മനസ്സ്- ബുദ്ധിയെ ഈ ഛത്രച്ഛായയുടെ ആശ്രയത്തിൽ കൊണ്ടു വരൂ കാരണം മനസ്സിൽ നെഗറ്റീവ് ഭാവവും ഭാവനയും ഉത്പന്നമാകുന്നതിന്റെ മായയുടെ വിശേഷ പ്രഭാവം നടന്നു കൊണ്ടിരിക്കുന്നു, ബുദ്ധിയിൽ യഥാർത്ഥമായ തിരിച്ചറിവിനെ സമാപ്തമാക്കുന്നതിന്റെ വിശേഷപ്പെട്ട മായയുടെ കാര്യവും നടന്നു കൊണ്ടിരിക്കുന്നു. ഏതു പോലെ സീസൺ വരുമ്പോൾ അതിൽ നിന്നും മുക്തമാകുന്നതിന് വിശേഷ അറ്റൻഷൻ വയ്ക്കുന്നു. മഴ വരുമ്പോൾ കുട, മഴക്കോട്ട് ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കുന്നു, തണുപ്പ് വന്നാൽ ചൂട് നല്കുന്ന തുണി ഉപയോഗിക്കാൻ ശ്രദ്ധിക്കുന്നു. അപ്പോൾ മനസ്സിന്റെയും ബുദ്ധിയുടെയും മേൽ പ്രഭാവം ഉണ്ടാകില്ല ഇത് വേണ്ടി ആദ്യമേ തന്നെ വിശേഷിച്ചും സുരക്ഷയുടെ സാധനത്തെ സ്വന്തമാക്കൂ. ആ വിശേഷ സാധനം വളരെ സഹജമാണ്, ആദ്യമേ തന്നെ കേൾപ്പിച്ചു- ഒരേയൊരു പോയിന്റ് എന്ന ശബ്ദം. സഹജമല്ലേ. നീട്ടി വലിച്ച് കേൾപ്പിച്ചില്ലല്ലോ. പറയുന്നുണ്ട്, ഞാൻ ആത്മാവ് ബിന്ദുവാണ്, ജ്യോതി രൂപമാണ്, എന്നാൽ അതിൽ സ്ഥിതി ചെയ്യുന്നില്ല. പോയിന്റിടാൻ ആഗ്രഹിക്കുന്നുണ്ട് എന്നാൽ ഇടുമ്പോൾ ചോദ്യ ചിഹ്നവും, ആശ്ചര്യ ചിഹ്നവുമായി മാറുന്നു. പോയിന്റിടാനാണോ എളുപ്പം അതോ ആശ്ചര്യ ചിഹ്നമോ ചോദ്യ ചിഹ്നമോ? എന്താണ് എളുപ്പം? ബിന്ദുവിടാനല്ലേ എളുപ്പം. പിന്നെന്തിന് ചോദ്യ ചിഹ്നത്തിലും ആശ്ചര്യത്തിന്റെ ചിഹ്നത്തിലേക്കും പോകുന്നു? ഈ വിധിയെ സ്വന്തമാക്കൂ. സീസണാണ്- അസത്യം സത്യമായ് തെളിയുന്നതിന്റെ, അസത്യം സത്യത്തേക്കാൾ സ്പഷ്ടവും ആകർഷണീയവുമാകുന്നതിന്റെ. ഇന്നത്തെ കാലത്തെ ഫാഷനല്ലേ- അസത്യമായ വസ്തു എത്ര ആകർഷണീയമായിരിക്കും, അതിന്റെ മുന്നിൽ സത്യത്തിന്റെ മൂല്യം കുറയുന്നു. റിയൽ സിൽവർ നോക്കൂ, വെള്ള സിൽവർ നോക്കൂ, എത്ര സുന്ദരമാണ്? റിയൽ സിൽവർ കറുത്ത് പോകും, വെള്ള സിൽവർ സദാ തിളങ്ങി കൊണ്ടിരിക്കും. അതിനാൽ വെള്ളയാണോ റിയലാണോ ആകർഷിക്കുന്നത്? അതിനാൽ സീസണിനെ തിരിച്ചറിയൂ, മായയുടെ സ്വരൂപത്തെ തിരിച്ചറിയൂ, പ്രകൃതിയുടെ തമോഗുണത്തിന്റെ വ്യത്യസ്തമായ നിറങ്ങളെ തിരിച്ചറിയൂ. ഒന്നുണ്ട് അറിയുക, രണ്ടാമത് തിരിച്ചറിയുക. അറിയുന്നുണ്ട് വളരെ, തിരിച്ചറിയുന്നതിൽ ഇടയ്ക്ക് തെറ്റ് ചെയ്യുന്നു, ഇടയ്ക്ക് ശരിയായത് ചെയ്യുന്നു. ഇപ്പോൾ എന്ത് ചെയ്യും? സുരക്ഷിതരായിരിക്കണ്ടേ. പിന്നെ പറയാൻ പാടില്ല- ഞാൻ മനസ്സിലാക്കിയില്ലായിരുന്നു, ഇങ്ങനെയും സംഭവിക്കുമോ? സംഭവിക്കുമോ നടക്കുമോ എന്നത് പാടില്ല. ഇപ്പോൾ എന്നിട്ടും ബാബ കുറച്ച് ദയ കാണിക്കുന്നു, കുറച്ച് ചുവട് മുന്നിൽ വയ്ക്കുന്നു. എന്നാൽ പിന്നെ എന്ത്, എന്ത് കൊണ്ട് എന്നുള്ളതൊന്നും ആരും കേൾക്കില്ല. ഇങ്ങനെയല്ല, അങ്ങനെ.... ഈ വക്കാലത്ത് നടക്കില്ല. ജഡ്ജ് ആകൂ, മായയുടെ വക്കീലാകരുത്. വക്കാലത്ത് കാണുമ്പോൾ വളരെ രസം തോന്നുന്നുണ്ട്. സർവ്വരും അനുഭവികളല്ലേ, അനുഭവമുണ്ടാകുന്നില്ലേ. കേട്ട് കേട്ട് സാക്ഷിയായി ഹർഷിതമായി കൊണ്ടിരിക്കുന്നു. നല്ല രീതിയിലൂടെ മനസ്സിലായോ? പാണ്ഡവർ, ശക്തികൾ മനസ്സിലാക്കിയോ, ടീച്ചേഴ്സ് മനസ്സിലാക്കിയോ? സർവ്വരും ഹാം, ഹാം എന്ന് പറയുന്നു, ഉവ്വ് എന്ന് പറയുന്നതിന്റെ ഫോട്ടോ എടുത്തു കൊണ്ടിരിക്കുന്നുണ്ട്.

മൂന്നാമത്തെ സീസണാണ് വിശേഷിച്ച് ശക്തിഹീനതയുടെ സ്വഭാവ സംസ്ക്കാരം, സംബന്ധ സമ്പർക്കത്തിൽ വരിക, ഇതിന്റെ വിസ്താരവും വളരെ വലുതാണ്. അത് ഇന്ന് കേൾപ്പിക്കില്ല. പല കുട്ടികളും പറയുന്നു- എന്ത് ചെയ്യാം, ആദ്യം ഉണ്ടായിരുന്നേയില്ല, ഇപ്പോൾ അറിഞ്ഞൂടാ എന്ത് സംഭവിച്ചുവെന്ന്. ഈ സംസ്ക്കാരം എന്നിൽ ഉണ്ടായിരുന്നേയില്ല, ഇപ്പോൾ വന്നു ചേർന്നു, ഇതിന്റെ കാരണവും, ഇതിന്റെ വിധിയുടെ വിസ്താരവും പിന്നീട് കേൾപ്പിക്കാം. ശരി!

നാല് ഭാഗത്തുമുള്ള ബാപ്ദാദായുടെ മഹാവാക്യം കേൾക്കുകയും ധാരണ ചെയ്യുകയും ചെയ്യുന്ന വേഴാമ്പലായ കുട്ടികൾക്ക്, സർവ്വ വിഷയങ്ങളെയും സ്മൃതിയോടൊപ്പം സ്വരൂപത്തിൽ കൊണ്ടു വരുന്ന സമീപത്തുള്ള ആത്മാക്കൾക്ക്, സദാ ജ്ഞാനത്തിന്റെ ഓരോ കാര്യത്തെ ലൈറ്റിന്റെയും മൈറ്റിന്റെയും സ്വരൂപത്തിലൂടെ കാര്യത്തിൽ ഉപയോഗിക്കുന്ന ശ്രേഷ്ഠാത്മാക്കൾക്ക്, സദാ ലക്ഷ്യവും ലക്ഷണവും സമാനമാക്കുന്ന ബാബയുടെ ജ്ഞാനി ആത്മാക്കളായ കുട്ടികൾക്ക് സദാ ബാബയുടെ ഛത്രച്ഛായയിലിരിക്കുന്ന, മായയുടെ നിഴലിൽ നിന്നും സുരക്ഷിതരായിരിക്കുന്ന, അറിയുകയും തിരിച്ചറിയുകയും, രണ്ട് വിശേഷതകളെയും ജീവിതത്തിൽ കൊണ്ടു വരുന്ന വിശേഷ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണ,

നമസ്തേ.

ദാദിമാരുമായുള്ള മിലനം– ശക്തി സൈന്യം തീവ്ര ഗതിയിലൂടെ പൊയ്ക്കൊണ്ടിരിക്കുകയല്ലേ. സൈന്യത്തെ ബാപ്ദാദായോടൊപ്പം നിങ്ങൾ നിമിത്തമായ ആത്മാക്കളും നടത്തിക്കുന്നതിന് നിമിത്തമാണ്. ബാബ സദാ കൂടെ തന്നെയുണ്ട്, സദാ ഉണ്ടായിരിക്കുക തന്നെ ചെയ്യും. എന്നാലും ബാപ്ദാദയുടെ ശ്രേഷ്ഠമായ ഭുജ ങ്ങളല്ലേ. ബാബ ശക്തി നല്കുന്നു, ബാബ ശക്തി രൂപത്തിലുണ്ട് എന്നാൽ നിമിത്തമായി മനസ്സി ലാക്കിക്കൊടുക്കുന്നതിന് മൈക്ക് നിങ്ങൾ നിമിത്താത്മാക്കളാണ്. എത്രയോ രസകരമായ കാര്യങ്ങളാണ് കേൾക്കുന്നത്. കളിയായി അനുഭവപ്പെടുന്നില്ലേ. കളിയല്ലേ. കളിയിൽ വിജയിയായി സർവ്വരെയും മായാ ജീത്ത് –വിജയിയാക്കുക തന്നെ വേണം, ഇത് ഗ്യാരന്റിയാണ്. എന്നാൽ ഇടയിൽ ഈ കളി കാണേണ്ടി വരുന്നു. ക്ഷീണിക്കുന്നില്ലല്ലോ? ചിരിച്ചും, കളിച്ചും, മറി കടന്നും, കടത്തിയും പോകുന്നു. എന്തെങ്കിലും അങ്ങനെയുള്ള കാര്യം കേൾക്കുമ്പോൾ മനസ്സിൽ നിന്നും എന്താണ് വരുന്നത്? ആഹാ ഡ്രാമാ, ആഹാ.. അയ്യോ ഡ്രാമ, അയ്യോ എന്നല്ല. ആഹാ ഡ്രാമ. ആഹാ ആഹാ എന്ന് പറഞ്ഞ് സർവ്വരും ആഹാ ആഹാ ആകുക തന്നെ വേണം. ഇതെല്ലാം മറി കടക്കുക തന്നെ വേണം. ശരി!

### അവ്യക്ത ബാപ്ദാദയുടെ വ്യക്തിപരമായ മിലനം

**വിജയം നമ്മുടെ ജന്മസിദ്ധ അധികാരമാണ് എന്ന നിശ്ചയം, ലഹരിയിലൂടെ നിർവ്വിഘ്ന സ്ഥിതിയുടെ അനുഭവം ചെയ്യൂ–**

ബാബ ഉയർന്നതിലും വച്ച് ഉയർന്നതാണ് അതേപോലെ നമ്മൾ ആത്മാക്കളും ഉയർന്നതിലും വച്ച് ഉയർന്ന ശ്രേഷ്ഠ ആത്മാക്കളാണ്– ഈ അനുഭവത്തോടെയല്ലേ പോകുന്നത്? കാരണം ലോകത്തിലുള്ളവർക്ക് ഏറ്റവും ശ്രേഷ്ഠം, ഉയർന്നതിലും വച്ച് ഉയർന്നത് ബാബയ്ക്ക് ശേഷം ദേവതമാരാണ്. എന്നാൽ ദേവത മാരേക്കാൾ ഉയർന്നത് നിങ്ങൾ ബ്രാഹ്മണ ആത്മാക്കളാണ്, ഫരിസ്ഥകളാണ്, ഇത് ലോകത്തിലുള്ളവർ ആരും അറിയുന്നില്ല. ദേവതാ പദവിയെ ഈ ബ്രാഹ്മണ ജീവിതത്തിനേക്കാൾ ഉയർന്നത് എന്ന് പറയില്ല. ഉയർന്നത് ഇപ്പോഴത്തെ ബ്രാഹ്മണ ജീവിതമാണ്. ദേവതമാരേക്കാൾ ഉയർന്നത് എന്ത് കൊണ്ടാണ്, അത് നന്നായി അറിയാമല്ലോ. ദേവതാ രൂപത്തിൽ ബാബയുടെ ജ്ഞാനം ഇമർജ്ജാകില്ല. പരമാത്മ മിലനത്തിന്റെ അനുഭവം ഈ ബ്രാഹ്മണ ജീവിതത്തിലാണ് ചെയ്യുന്നത്, ദേവതമാരുടെ ജീവിതത്തിലല്ല. ബ്രാഹ്മണർ തന്നെ യാണ് ദേവതയാകുന്നത് എന്നാൽ ഈ സമയം ദേവതാ ജീവിതത്തേക്കാളും ഉയർന്നതാണ്. അതിനാൽ അത്രയും ലഹരി സദാ ഉണ്ടായിരിക്കണം, ഇടയ്ക്കിടയ്ക്കല്ല കാരണം ബാബ അവിനാശിയാണ്, അവി നാശി ബാബ നൽകുന്ന ജ്ഞാനവും അവിനാശിയാണ്, എന്താണോ സ്മൃതി നല്കുന്നത് അതും അവിനാ ശിയാണ്, ഇടയ്ക്കിടയ്ക്കല്ല. അതിനാൽ ഇത് ചെക്ക് ചെയ്യൂ– സദാ ഈ ലഹരിയുണ്ടോ അതോ ഇടയ്ക്കി ടയ്ക്കാണോ ഉള്ളത്? സദാ നിലനിൽക്കുമ്പോഴാണ് രസമുണ്ടാകുന്നത്. ഇടയ്ക്കുണ്ടായി, ഇടയ്ക്കുണ്ടാ യില്ല എങ്കിൽ ഇടയ്ക്ക് രസമുണ്ടായിരിക്കും ഇടയ്ക്ക് ആശയക്കുഴപ്പത്തിൽപ്പെടും. അതിനാൽ ഇപ്പോഴി പ്പോൾ രസം, ഇപ്പോഴിപ്പോൾ സംശയം പാടില്ല, സദാ ഉണ്ടായിരിക്കണം. ശ്വാസം സദാ നിലനിൽക്കുന്നി ല്ലേ, ഒരു സെക്കന്റെങ്കിലും ശ്വാസം നിന്നു പോയി അഥവാ ഇടയ്ക്കിടയ്ക്ക് നില നിൽക്കുന്നുവെങ്കിൽ അതിനെ ജീവിതമെന്ന് പറയുമോ? അതിനാൽ ഈ ബ്രാഹ്മണ ജീവിതത്തിൽ നിരന്തരം ആനന്ദത്തിലാണോ? ആനന്ദം ഇല്ലായെങ്കിൽ തീർച്ചയായും സംശയത്തിൽപ്പെടും. അപ്പോൾ മാതാക്കൾ സദാ ആനന്ദത്തിലല്ലേ യിരിക്കുന്നത്? ശക്തികളല്ലേ, സാധാരണക്കാരല്ലല്ലോ അതോ വീട്ടിലേക്ക് പോകുമ്പോൾ സാധാരണ മാതാ ക്കളായി മാറുന്നുണ്ടോ? അല്ലല്ലോ, സദാ ഓർമ്മയുണ്ടായിരിക്കണം– നമ്മൾ ശക്തികളാണ്. പരിധിയുള്ള തല്ല, പരിധിയില്ലാത്ത വിശ്വ മംഗളകാരിയാണ്. ശക്തികൾ അർത്ഥം അസുരൻമാരുടെ മേൽ വിജയം പ്രാപ്തമാക്കുന്നവർ. ശക്തികളെ പറയുന്നത് അസുര സംഹാരിണി അർത്ഥം ആസുരീയ സംസ്കാ രത്തെ സംഹരിക്കുന്നവർ. അതിനാൽ സർവ്വ ശക്തികളും അങ്ങനെ ധൈര്യശാലികളല്ലേ? പാണ്ഡവർ അർത്ഥം വിജയി. പാണ്ഡവർക്ക് ഒരിക്കലും ഇങ്ങനെ പറയാൻ സാധിക്കില്ല– ആഗ്രഹിക്കുന്നില്ല എന്നാൽ തോൽവിയുണ്ടാകുന്നുവെന്ന്. കാരണം അര കല്പം പരാജയപ്പെട്ടു, ഇപ്പോൾ വിജയം പ്രാപ്തമാക്കുന്നതി നുള്ള സമയമാണ് അതിനാൽ വിജയത്തിന്റെ സമയത്തും തോൽക്കുകയാണെങ്കിൽ എപ്പോൾ വിജയി യാകും? അതിനാൽ ഈ സമയത്ത് സദാ വിജയി. വിജയം ജന്മസിദ്ധ അധികാരമാണ്. അധികാരത്തെ യാരും ഉപേക്ഷിക്കില്ല, യുദ്ധം ചെയ്തും വഴക്കടിച്ചും നേടിയെടുക്കുന്നു, ഇവിടെ സഹജമായി ലഭിക്കു ന്നു. വിജയം തന്റെ ജന്മ സിദ്ധ അധികാരമാണ്. അധികാരത്തിന്റെ ലഹരി അഥവാ സന്തോഷം ഉണ്ടല്ലോ? പരിധിയുള്ള അധികാരത്തിന്റെയും എത്ര ലഹരിയുണ്ടാകുന്നു! പ്രധാന മന്ത്രി മറന്നു പോകുമോ ഞാൻ പ്രധാന മന്ത്രിയാണെന്ന്. ഉറങ്ങുമ്പോഴും, കഴിക്കുമ്പോഴും ഞാൻ പ്രധാന മന്ത്രിയാണെന്ന് മറക്കില്ലല്ലോ? അപ്പോൾ പരിധിയുള്ള അധികാരവും പരിധിയില്ലാത്ത അധികാരവും ആര് എത്ര തന്നെ മറപ്പിച്ചാലും മറ ക്കാൻ സാധിക്കില്ല. മായയുടെ കാര്യമാണ് മറപ്പിക്കുക, നിങ്ങളുടെ കർത്തവ്യമാണ് വിജയിയാകുക കാരണം

വിജയമെന്ത്, തോൽവിയെന്ത് എന്ന് അറിയാമല്ലോ? തോൽവിയുടെയും അനുഭവിയാണ്, വിജയത്തിന്റെയും അനുഭവിയാണ്. അതിനാൽ തോൽവിയിലൂടെയും വിജയത്തിലൂടെയും എന്ത് സംഭവിക്കും– രണ്ടിന്റെയും വ്യത്യാസത്തെ മനസ്സിലാക്കുന്നു അതിനാൽ സദാ വിജയിയാണ്, സദാ ആയിരിക്കും കാരണം അവിനാശി ബാബയും അവിനാശി പ്രാപ്തിയുടെ അധികാരിയും നമ്മൾ ആത്മാക്കളാണ്. ഇത് സദാ പ്രത്യക്ഷ രൂപത്തിൽ ഉണ്ടായിരിക്കണം. ആയി, അറിയാം, അങ്ങനെയല്ല. പ്രാക്ടിക്കലിലാണ്. ആരാണൊ അറിയുന്നത് അവർ തന്നെ നിശ്ചയം ചെയ്ത് മുന്നോട്ട് പോകുന്നു. അതിനാൽ ഓരോ കർമ്മത്തിലും വിജയത്തിന്റെ നിശ്ചയവും ലഹരിയുമുണ്ടായിരിക്കണം. ലഹരിയുടെ ആധാരമെന്ന് പറയുന്നത് തന്നെ വിജയമാണ്. നിശ്ചയം കുറവെങ്കിൽ ലഹരിയും കുറവ്, അതിനാൽ പറയുന്നു– നിശ്ചയ ബുദ്ധി വിജയി. അപ്പോൾ അടിത്തറയെന്താണ്? നിശ്ചയം. നിശ്ചയത്തിലും ഇടയ്ക്കിടയ്ക്ക് ഉള്ളവരാകരുത്. ഇല്ലായെങ്കിൽ അന്തിമത്തിൽ റിസൾട്ടിന്റെ സമയത്തും ഇടയ്ക്കിടയ്ക്ക് പ്രാപ്തിയുണ്ടാകും പിന്നെ പശ്ചാതാതാപിക്കേണ്ടി വരും. ഇപ്പോൾ പ്രാപ്തി, പിന്നെ പശ്ചാത്താപമായിരിക്കും. അതിനാൽ പ്രാപ്തിയുടെ സമയത്ത് പ്രാപ്തി ചെയ്യൂ, പശ്ചാത്താപത്തിന്റെ സമയത്ത് പ്രാപ്തി നേടാൻ സാധിക്കില്ല. ചെയ്യാം, നടക്കും.... അല്ല, ചെയ്യുക തന്നെ വേണം എന്ന നിശ്ചയം ഉണ്ടാകണം. ചെയ്യാം...എന്ന ആശ്വാസ വാക്കുകളിൽ പോകരുത്. ചെയ്തു കൊണ്ടിരിക്കുകയല്ലേ....പിന്നെയെന്ത് സംഭവിക്കും....സംഭവിക്കുക തന്നെ ചെയ്യും....അല്ല, ഇപ്പോൾ സംഭവിക്കണം. ചെയ്യാം, നോക്കാം എന്നല്ല. മറ്റുള്ളവരെ വെല്ലുവിളിക്കുന്നുണ്ട്– ഓരോ ശ്വാസത്തെ പോലും വിശ്വസിക്കാൻ പറ്റില്ലായെന്ന്, മറ്റുള്ളവർക്ക് ജ്ഞാനം നല്കുന്നുണ്ടല്ലോ അപ്പോൾ ആദ്യം സ്വയത്തിന് ജ്ഞാനം നല്കൂ. ഇടയ്ക്ക് ചെയ്യുന്നവരാണോ അതോ ഇപ്പോൾ ചെയ്യുന്നവരാണോ? അതിനാൽ സദാ വിജയത്തിന്റെ അധികാരി ആത്മാക്കളാണ്. വിജയം ജന്മ സിദ്ധ അധികാരമാണ് എന്ന സ്മൃതിയിലൂടെ പറക്കൂ. എന്ത് സംഭവിച്ചാലും ഞാൻ സദാ വിജയിയാണ് എന്നത് സ്മൃതിയിൽ കൊണ്ടു വരൂ. എന്ത് സംഭവിച്ചാലും, നിശ്ചയം അളവറ്റതാണ്, ആർക്കും ഇളക്കാൻ സാധിക്കില്ല. ശരി, ഇപ്പോൾ സർവ്വരും അങ്ങനെയുള്ള അത്ഭുതം ചെയ്ത് കാണിക്കൂ– ഓരോ സ്ഥലത്തും വിജയി അർത്ഥം നിർവ്വിഘ്നമാകണം. യാതൊരു വിഘ്നവും വരരുത്. വിഘ്നം വരും എന്നാൽ പരാജയപ്പെടരുത്. വിജയമുള്ളയിടത്ത് വിഘ്നം മാറി പോകും അപ്പോൾ നിർവ്വിഘ്നമായി തീരും. സദാ നിർവ്വിഘ്നം ഈ അത്ഭുതം ചെയ്ത് കാണിക്കൂ. ഏതൊരു ഗീതാ പാഠശാലയാകട്ടെ, ഉപസേവാകേന്ദ്രമാകട്ടെ, കേന്ദ്രമാകട്ടെ സ്വയം നിർവ്വിഘ്നമാകൂ, മറ്റുള്ളവരെയും നിർവ്വിഘ്നമാക്കൂ. അങ്ങനെയുള്ള അത്ഭുതം കാണിക്കൂ. ചെയ്യുക തന്നെ വേണം. ചെയ്യാം, നോക്കാം, അല്ല. ഇങ്ങനെ പറയുന്നു അർത്ഥം നിശ്ചയത്തിൽ ശതമാനമാണ്. സർവ്വരും ഈ സന്തോഷ വാർത്ത കേൾക്കണം– സർവ്വ ചെറുതും വലുതുമായ സേവാകേന്ദ്രങ്ങൾ നിർവ്വിഘ്നമാണ് എന്ന്. ഏതൊരു പ്രകാരത്തിലുമുള്ള വിഘ്നത്തിന് വരാനേ സാധിക്കില്ല. മറ്റുള്ളവരുടെ വിഘ്നങ്ങളെയും ഇല്ലാതാക്കും, വിജയിയാകും. അങ്ങനെയുള്ള വാർത്ത ലഭിക്കണം. എവിടെ നിന്നും ഒരു വിഘ്നങ്ങളുടെയും വാർത്ത ഉണ്ടാകരുത്. ഞാൻ ഓ കെയാണ്, അവരാണ് ചെയ്യുന്നത്, എനിക്കെന്ത് ചെയ്യാനാകും, ഇങ്ങനെ പറയരുത്. മൂന്ന് മാസം വിജയിയായി കാണിക്കൂ. മൂന്ന് മാസത്തിനുള്ളിൽ തന്നെ അറിയാൻ സാധിക്കും. എല്ലാവരും ശരി എന്ന് പറയുകയാണെങ്കിൽ ഈ അത്ഭുതം ചെയ്ത് കാണിക്കൂ. ശരി.

## വരദാനം– ഒരു ബാബയുടെ സ്നേഹത്തിൽ മുഴുകിയിരുന്ന് സർവ്വ കാര്യങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുന്ന മായാപ്രൂഫ്, ആയി ഭവിക്കട്ടെ.

ഏതു കുട്ടികൾ ഒരു ബാബയുടെ സ്നേഹത്തിൽ ലവ്ലീനായിരിക്കുന്നു, അവർ സഹജമായി തന്നെ നാനാ ഭാഗത്തുമുള്ള വൈബ്രേഷൻസിൽ നിന്നും, അന്തരീക്ഷത്തിൽ നിന്നും ദൂരെയായിരിക്കുന്നു കാരണം മുഴുകിയിരിക്കുക അർത്ഥം ബാബയ്ക്ക് സമാനം ശക്തിശാലിയായി സർവ്വ കാര്യങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുക, മുഴുകിയിരിക്കുക അർത്ഥം അലിഞ്ഞ് ചേർന്നിരിക്കുക, അങ്ങനെയുള്ളവർ തന്നെയാണ് മായാപ്രൂഫാകുന്നത്. ഇതാണ് സഹജമായ പുരുഷാർത്ഥം, എന്നാൽ സഹജമായ പുരുഷാർത്ഥത്തിന്റെ പേരിൽ അലസരാകരുത്. അലസരായ പുരുഷാർത്ഥിയുടെ മനസ്സ് ഉള്ളിൽ നിന്നും ദുഃഖിക്കുന്നതായിരിക്കും, പുറമേ അവർ തന്റെ മഹിമയുടെ ഗീതം പാടുന്നുണ്ടായിരിക്കും.

## സ്ലോഗൻ– പൂർവ്വജനാണെന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യൂവെങ്കിൽ മായയുടെയും പ്രകൃതിയുടെയും ബന്ധനങ്ങളിൽ നിന്നും മുക്തരാകും.